"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

തദ്ദേശസ്വയംഭരണ (ആർ.എ) വകുപ്പ്

നമ്പർ.തസ്വഭവ-ആർ.എ1/14/2020-തസ്വഭവ

20/04/2020,തിരുവനന്തപുരം

**പരിപത്രം**

വിഷയം:- തസ്വഭവ - ചീഫ് ടൗൺ പ്ലാനർ (വിജിലൻസ്) ന് പരിശോധനയ്ക്കായി ഫയലുകൾ ലഭ്യമാക്കുന്നത് - സംബന്ധിച്ച്

സൂചന:- 03.10.2013 ലെ സ.ഉ. (കൈ) നം.2459/2013/തസ്വഭവ നമ്പർ ഉത്തരവ്

കേരളത്തിലെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ കെട്ടിട നിർമ്മാണ പെർമിറ്റുകൾ അനുവദിക്കുന്നതിൽ ചട്ടവിരുദ്ധമായ സമീപനം സ്വീകരിക്കുന്നു എന്നതും സംസ്ഥാനത്തുടനീളം അനധികൃത നിർമ്മാണ പ്രവർത്തനങ്ങൾ ധാരാളമായി നടക്കുന്നു എന്നതും ശ്രദ്ധയിൽപ്പെട്ടതിനെത്തുടർന്ന് ഇതിന് പരിഹാരമുണ്ടാക്കുന്നതിന്റെ ഭാഗമായി തദ്ദേശ സ്വയംഭരണ വകുപ്പിന്റെ കീഴിൽ ഒരു വിജിലൻസ് വിഭാഗം രൂപീകരിച്ചുകൊണ്ടും ഈ വിഭാഗത്തിന്റെ അധികാരങ്ങൾ നിർവ്വചിച്ചുകൊണ്ടും സൂചന പ്രകാരമുള്ള ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

പ്രസ്തുത ഉത്തരവിന്റെ വെളിച്ചത്തിൽ ലഭിക്കുന്ന പരാതികളുടെ അടിസ്ഥാനത്തിലും സർക്കാർ നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിലും ചീഫ് ടൗൺ പ്ലാനർ (വിജിലൻസ്) പരിശോധനകൾ നടത്തി റിപ്പോർട്ട് സർക്കാരിന് നല്കി വരികയാണ്. എന്നാൽ ഇത്തരത്തിലുള്ള പരിശോധനയുടെ ഭാഗമായി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽനിന്ന് നിർമ്മാണാനുമതി/ഒക്കുപൻസി സംബന്ധിച്ച ഫയലുകൾ ആവശ്യപ്പെടുമ്പോൾ പ്രസ്തുത ഫയലുകൾ പരിശോധനയ്ക്കായി നല്കുവാൻ ജീവനക്കാർ പലപ്പോഴും വിമുഖത കാട്ടുന്നതായി ചീഫ് ടൗൺ പ്ലാനർ (വിജിലൻസ്) സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. ഇത് ജീവനക്കാരുടെ ഭാഗത്തു നിന്നുണ്ടാകുന്ന ഗുരുതരമായ കൃത്യവിലോപമാണ്. ഇത്തരത്തിൽ വീഴ്ച വരുത്തുന്ന ഉദ്യോഗസ്ഥർക്കെതിരെ കർശന അച്ചടക്ക നടപടി സ്വീകരിക്കുന്നതാണ്. കൂടാതെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽനിന്ന് ഇത്തരത്തിൽ നല്കാത്ത ഫയലുകൾ പിടിച്ചെടുക്കാൻ ചീഫ് ടൗൺ പ്ലാനർ (വിജിലൻസ്) ന് അധികാരമുണ്ടായിരിക്കുന്നതാണ്.

**ബിശ്വനാഥ് സിൻഹ**

**പ്രിൻസിപ്പൽ സെക്രട്ടറി**

1. നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം (ഈ സർക്കുലറിന്റെ പകർപ്പ് അടിയന്തിരമായി എല്ലാ നഗരസഭ/മുനിസിപ്പൽ സെക്രട്ടറിമാർക്കും ലഭ്യമാക്കേണ്ടതാണ്)
2. പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം(ഈ സർക്കുലറിന്റെ പകർപ്പ് അടിയന്തിരമായി എല്ലാ പഞ്ചായത്ത് സെക്രട്ടറിമാർക്കും ലഭ്യമാക്കേണ്ടതാണ്)
3. ചീഫ് ടൗൺ പ്ലാനർ, തിരുവനന്തപുരം (ഈ സർക്കുലറിന്റെ പകർപ്പ് അടിയന്തിരമായി എല്ലാ ജില്ലാ ടൗൺ പ്ലാനർമാർക്കും ലഭ്യമാക്കേണ്ടതാണ്)
4. ചീഫ് ടൗൺ പ്ലാനർ (വിജിലൻസ്)
5. ചീഫ് ടൗൺ പ്ലാനർ (പ്ലാനിംഗ്)
6. റീജിയണൽ ജോയിന്റ് ഡയറക്ടർ, നഗരകാര്യം (കൊല്ലം, കൊച്ചി, കോഴിക്കോട്)

7. എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരളാ മിഷൻ (വെബ്സൈറ്റുകളിൽ പ്രസിദ്ധീകരിക്കുന്നതിനായി)

8. വെബ് & ന്യൂ മീഡിയ, ഐ &പി.ആർ.ഡി

9. സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി

പകർപ്പ് :

1. ബഹു:തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്

2. തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ പി.എ.യ്ക്ക്

3. തദ്ദേശ സ്വയംഭരണ വകുപ്പ് സ്പെഷ്യൽ സെക്രട്ടറിയുടെ സി.എ.യ്ക്ക്

4. തദ്ദേശസ്വയംഭരണ വകുപ്പ് ഡെപ്യൂട്ടി സെക്രട്ടറിയുടെ സി.എ.യ്ക്ക്

5. തദ്ദേശസ്വയംഭരണ വകുപ്പ് അണ്ടർ സെക്രട്ടറിയ്ക്ക്

6. തദ്ദേശസ്വയംഭരണ (ആർ.ഡി/ആർ.ബി) വകുപ്പുകൾക്ക്.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ